ഉത്തരം

(എ,ബി,സി&ഡി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

46 (1289) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി മാസത്തിലൊരിക്കൽ സൂപ്രണ്ടിംഗ് എൻജിനീയറും മൂന്ന് മാസത്തിലൊരിക്കൽ ചീഫ് എൻജിനീയറും പണികളുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പല പാലങ്ങളുടെയും നിർമ്മാണം മുടങ്ങാതിരിക്കാൻ വകുപ്പുമന്ത്രി ആറ് മാസത്തിലൊരിക്കൽ നിർമ്മാണപുരോഗതി നേരിട്ട് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) പണി യഥാസമയം പൂർത്തിയാക്കാത്ത കോൺട്രാക്ടർമാരുടെ കരാർ അവസാനിപ്പിച്ച് പുതിയ കോൺട്രാക്റ്റ് നൽകാൻ വ്യവസ്ഥ ചെയ്യുമോ ;

(ഇ) പാലങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പണികൾ യഥാസമയത്ത് നടത്തുന്നതിന് ഡിപ്പാർട്ടുമെന്റൽ കോഡും ചട്ടങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. ജോലികൾ നിശ്ചിത കാലാവധിക്കു മുൻപായി ചെയ്തു തീർക്കുന്ന കരാറുകാർക്ക് ജോലിത്തുകയുടെ 1% ബോണസ് (പരമാവധി 3 ലക്ഷം രൂപ) നൽകാനും കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് ആദ്യത്തെ മൂന്നുമാസം കാലതാമസത്തിന് ജോലിത്തുകയുടെ ഒരു ശതമാനവും (കുറഞ്ഞത് 300 രൂപ, കൂടിയത് 10,000 രൂപ), അടുത്ത ഓരോ മൂന്ന് മാസത്തെ കാലതാമസത്തിന് ജോലിത്തുകയുടെ രണ്ട് ശതമാനം വച്ച് (കുറഞ്ഞത് 600 രൂപ, കൂടിയത് 30,000 രൂപ) ഈടാക്കുവാനും വ്യവസ്ഥയുണ്ട്.

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കാലകാലങ്ങളിൽ പണികളുടെ പുരോഗതി വിലയിരുത്തുന്നതു കൊണ്ട് ഇതിനുവേണ്ടി ഒരു നിശ്ചിത സമയപരിധി നിശ്ചയിക്കുന്നതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(സി) വകുപ്പു മന്ത്രിയും പണികളുടെ പുരോഗതി പരിശോധിക്കാറുണ്ട്. പക്ഷേ, ഇതിന് ഒരു നിശ്ചിത കാലപരിധി നിശ്ചയിക്കുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

(ഇ) എം.എൽ.എ.മാർ അവരവരുടെ നിയോജക മണ്ഡലങ്ങളിലെ പണികളുടെ പുരോഗതി ബന്ധപ്പെട്ടവരുമായി വിലയിരുത്താറുണ്ട്.

മീരാൻകടവ് പാലം പുനർനിർമ്മിക്കുന്ന നടപടി

47 (1290) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മീരാൻകടവ് പാലം പുനർനിർമ്മിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ പാലം നിർമ്മിച്ചിട്ട് ഇപ്പോൾ എത്ര വർഷമായി ;

(സി) പ്രസ്തുത പാലം ഏതു നിമിഷവും തകർന്നു വീഴാവുന്ന നിലയിലാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ പാലം തകർന്നു വീണാൽ അഞ്ചുതെങ്ങ് മേഖല ഒറ്റപ്പെട്ടു പോകുമെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഇ) മീരാൻ കടവ് പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു നിലയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 43 വർഷം.

(സി,ഡി&ഇ) പ്രസ്തുത പാലത്തിന്റെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം പുതുക്കി പണിയുന്നതിലേക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

മുളിയിങ്കൽ കൈതക്കൊല്ലി റോഡിന്റെ നിർമ്മാണം

48 (1291) ശ്രീമതി എൻ. കെ. രാധ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

പേരാംപ്ര നിയോജക മണ്ഡലത്തിലെ മുളിയിങ്കൽ-കൈതക്കൊല്ലി റോഡിന്റെ പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

പേരാംപ്ര നിയോജകമണ്ഡലത്തിലെ മുളിയിങ്കൽ-കൈതക്കൊല്ലി റോഡ് കിലോമീറ്റർ 4/0 മുതൽ 8/300 വരെ വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് 69 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിന് 1999-2000 ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly